(എ) മഹാത്മാഗാന്ധി സർവ്വകലാശാലയുടെ അധികാര പരിധിക്കുള്ളിലുള്ള സ്വാശ്രയ കോളേജുകളിൽ പഠിക്കുന്ന കുട്ടികളുടെ ഉത്തരകടലാസുകളുടെ കേന്ദ്രീകൃത മൂല്യനിർണ്ണയം നടത്തുന്നതിന് നിർണ്ണയിച്ചിട്ടുള്ള ഫീസ് എത്ര വീതമാണ്;

(ബി) പ്രസ്തുത സർവ്വകലാശാലയുടെ അധികാര പരിധിക്കുള്ളിലുള്ള ഗവൺമെന്റ് കോളേജുകളിലും എയ്ഡഡ് കോളേജുകളിലും പഠിക്കുന്ന വിദ്യാർത്ഥികളുടെ ഉത്തരകടലാസിന്റെ കേന്ദ്രീകൃത മൂല്യനിർണ്ണയം നടത്തുന്നതിന് നിശ്ചയിച്ചിട്ടുള്ള ഫീസ് എത്രയാണ് ;

(സി) സ്വാശ്രയ കോളേജുകളിൽ പഠിക്കുന്ന കുട്ടികളുടെ ഉത്തരകടലാസിന്റെ മൂല്യനിർണ്ണയത്തിന് കൂടുതൽ ഫീസ് നിർണ്ണയിച്ചത് എന്തടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) മഹാത്മാഗാന്ധി സർവ്വകലാശാലയുടെ കീഴിലുള്ള സ്വാശ്രയ കോളേജുകളിൽ പഠിക്കുന്ന കുട്ടികളുടെ ഉത്തരകടലാസുകളുടെ കേന്ദ്രീകൃത മൂല്യനിർണ്ണയം നടത്തുന്നതിന് നിശ്ചയിച്ചിട്ടുള്ള ഫീസ് നിരക്ക് താഴെപറയും പ്രകാരമാണ്.

(i) മോഡൽ II ബി. എ., ബി. എസ്. സി., ബികോം—₹ 100.

(ii) ബി.സി.എ., ബി.ബി.എ., ബി.എസ്സി. ഇലക്ട്രോണിക്സ്, ബി.എസ്.സി. കമ്പ്യൂട്ടർ സയൻസ്, ബി. ടെക്., എൽ. എൽ. ബി.—₹ 100.

(iii) എം. എസ്. സി. ഇലക്ട്രോണിക്സ്—₹ 150.

(ബി) ഗവൺമെന്റ് കോളേജുകളിലും എയിഡഡ് കോളേജുകളിലും പഠിക്കുന്ന വിദ്യാർത്ഥികൾക്ക് മേൽപ്പറഞ്ഞ ഫീസ് നിരക്ക് തന്നെയാണ് നിലവിലുള്ളത്.

(സി) ഉത്തര കടലാസുകളുടെ കേന്ദ്രീകൃത മൂല്യനിർണ്ണയത്തിനുള്ള ഫീസ് നിരക്ക് സ്വാശ്രയ കോളേജിൽ പഠിക്കുന്ന കുട്ടികൾക്കും ഗവൺമെന്റ്/എയിഡഡ് കോളേജുകളിൽ പഠിക്കുന്ന കുട്ടികൾക്കും ഒരുപോലെ തന്നെയാണ്.

കേരളത്തിൽ വിദേശ സർവ്വകലാശാലകൾക്കും സ്വകാര്യ സർവ്വകലാശാലകൾക്കും പ്രവർത്തനാനുമതി

50 [1452] ശ്രീ. സാജു പോൾ :
,, ടി. കെ. ബാലൻ :
,, ടി. പി. രാമകൃഷ്ണൻ :
ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) കേരളത്തിലെ വിദേശ സർവ്വകലാശാലകൾക്കും, സ്വകാര്യ സർവ്വകലാശാലകൾക്കും പ്രവർത്തനാനുമതി നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇതിനുവേണ്ടി നിയമനിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഛത്തിസ്ഗഡ് സംസ്ഥാനത്തെ സ്വകാര്യസർവ്വകലാശാലകളുടെ പ്രവർത്തനം റദ്ദാക്കിക്കൊണ്ടുള്ള സുപ്രീം കോടതിയുടെ വിധി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ വിധിയുടെ അടിസ്ഥാനത്തിൽ സർക്കാരിന്റെ തീരുമാനം പുനഃപരിശോധനയ്ക്ക് വിധേയമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) & (സി) ഇപ്പോൾ ഉദ്ദേശിക്കുന്നില്ല. ഛത്തിസ്ഗഡ് സംസ്ഥാനത്തെ സർവ്വകലാശാലകളുടെ പ്രവർത്തനം റദ്ദാക്കിക്കൊണ്ടുള്ള സുപ്രീം കോടതിയുടെ വിധി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ഈ സാഹചര്യത്തിൽ ഗവൺമെന്റ് നിലപാട് പുനഃപരിശോധിക്കുന്ന ചോദ്യം ഉദിക്കുന്നില്ല.

വിദേശ സർവ്വകലാശാലകൾ പ്രവർത്തിക്കുന്നതിന് അനുമതി

51 [1453] ശ്രീ. എം. എ. ചന്ദ്രശേഖരൻ :

,, എം. മുരളി :

,, കടവൂർ ശിവദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിദേശ സർവ്വകലാശാലകളോ അവയുടെ സബ് സെന്ററുകളോ പ്രവർത്തിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം വിദേശ സർവ്വകലാശാലകളും അവയുടെ സബ്സെന്ററുകളും പ്രവർത്തിക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(സി) ഇപ്പോൾ വിദേശ സർവ്വകലാശാലകൾ പ്രവർത്തിക്കത്തെ പക്ഷം അവ പ്രവർത്തിപ്പിക്കുന്നതിന് അനുമതി നൽകാൻ ഉദ്ദേശ്യമുണ്ടോ ;

(ഡി) മറ്റു സംസ്ഥാനങ്ങളിലെ സർവ്വകലാശാലകൾ ഇവിടെ കോഴ്സുകളോ സബ് സെന്ററുകളോ നടത്തുന്നുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly